# മലയാളം (Malayalam)
# (232)
## നിർദ്ദിഷ്ട പഠന പ്രവർത്തനം

ആകെ മാർക്ക് – 20

കുറിപ്പ്: (1) എല്ലാ വിഭാഗങ്ങളിലെയും ചോദ്യങ്ങൾക്ക് തന്നിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ഉത്തരമെഴുതണം.

(2) ഉത്തരക്കടലാസിന്റെ ഒന്നാംപുറത്ത് നിങ്ങളുടെ പേര്, റോൾ നമ്പർ, അദ്ധ്യയന കേന്ദ്രത്തിന്റെ പേര്, വിഷയത്തിന്റെ പേര് എന്നിവ എഴുതണം.

1. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40–60 വാക്കിൽ ഉത്തരമെഴുതുക. (2 മാർക്ക്)

(1) സഞ്ജയൻ കച്ചട്ടിസ്വാമിയാരുടെ കഥ എഴുതിയത് എന്തിനുവേണ്ടിയായിരുന്നു? (ആധാരം പാഠം 2)

(2) പുസ്തകവായനയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളും വായിച്ചു കുറിപ്പെടുക്കുന്നതു കൊണ്ടുള്ള പ്രയോജനങ്ങളും എന്തെല്ലാം? (ആധാരം: പാഠം 4)

(3) മണ്ണ്, പൊന്ന് എന്നിവയെക്കുറിച്ച് കവി കുഞ്ഞുണ്ണിമാഷ് നൽകുന്ന നിർവ്വചനം വിശദീകരിക്കുക? (ആധാരം: പാഠം 5)

(4) കുടുംബജീവിതം ആദർശപൂർണ്ണമാക്കാൻ കെ.പി. കേശവമേനോൻ നിർദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാം? (ആധാരം: പാഠം 8)

2. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40–60 വാക്കിൽ ഉത്തരമെഴുതുക. (2 മാർക്ക്)

(1) വാസവദത്ത എന്ന കവിതയിൽ നായികയുടെ മുഖകാന്തി വർണ്ണിച്ചിരിക്കുന്നത് എങ്ങനെ? (ആധാരം: പാഠം 10)

(2) ഇന്നത്തെ മനുഷ്യനുമായി വളരെ സാമ്യമുള്ള പുരാതന മനുഷ്യവർഗ്ഗമേത്? അവയ്ക്കുള്ള പ്രത്യേകതകൾ എന്തെല്ലാം? (ആധാരം: പാഠം 10)

(3) ഭൂപ്രകൃതിയിൽ കേരളത്തോട് സാദൃശ്യം വഹിക്കുന്നു ബാലിദ്വീപ്– വിശദീകരിക്കുക? (ആധാരം: പാഠം 14)

(4) ഭാഷ അഭിവൃദ്ധിപ്പെടുത്താൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് വള്ളത്തോൾ നിർദ്ദേശിക്കുന്നത്? (ആധാരം: പാഠം 15)

3. താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ ഒരെണ്ണത്തിന് 40-60 വാക്കിൽ ഉത്തരമെഴുതുക. (2 മാർക്ക്)

(1) ആശയം വിശദമാക്കുക.

"അടിവേരുതൊട്ടു മുടി-
യിലവരെ, നന്ദികെട്ടോ-
രടിയങ്ങൾക്കവിടുന്നു
തന്നു പോറ്റുമ്പോൾ
പകരം നൽകുവതെന്തേ
മഴുവും തീയുമല്ലാതെ!
അവിടുന്നു സമസ്തവും
പൊറുക്കുമല്ലോ" (ആധാരം : പാഠം 20)

(2) 'മഞ്ഞത്തെച്ചിപ്പൂങ്കുല പോലെ
മഞ്ജിമവിടരും പുലർകാലേ'-ഈ വരികളിലെ പ്രയോഗവിശേഷം വിശദമാക്കുക? (ആധാരം: പാഠം-22)

(3) രാവണൻ പിടിച്ച പുലിവാല് എന്ന പാഠത്തിലെ ഫലിത പരിഹാസ പ്രയോഗങ്ങൾ എടുത്തെഴുതുക? (ആധാരം: പാഠം 24)

(4) നെയ്പ്പായസം എന്ന കഥയിലെ നായികാനായകന്മാരുടെ ദാമ്പത്യജീവിതം എപ്രകാരമുള്ളതായിരുന്നു? (ആധാരം: പാഠം 19)

4. താഴെകൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് 100-150 വാക്കിൽ ഉത്തരമെഴുതുക? (4 മാർക്ക്)

(1) "അർണ്ണോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോല്പലമാലയുമിട്ടാൾ മുന്നേ
പിന്നാലെ വരണാർഥമാലയുമിട്ടീടിനാൾ"

ഈ വരികൾക്ക് ആസ്വാദനമെഴുതുക?

(ആധാരം: പാഠം 7)

(2) നിങ്ങൾ നടത്തിയ വിനോദയാത്രയിലെ അവിസ്മരണീയമായ ഒരു ദിവസത്തെ അനുഭവങ്ങൾ ഡയറിക്കുറിപ്പായി എഴുതുക? (ആധാരം: പാഠം 6)

(3) നിങ്ങളുടെ ഗ്രാമത്തിൽ തെരുവ് പട്ടികളുടെ ശല്യം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് അധികാരികൾക്കുള്ള അപേക്ഷ തയ്യാറാക്കുക.

(ആധാരം: 3പാഠം 9)

(4) ഒരാഴ്ചത്തെ ദിനപ്പത്രം പരിശോധിച്ച് കമ്പോളനിലവാരപ്പട്ടിക തയ്യാറാക്കുക.

(ആധാരം: പാഠം 12)

5. താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് 100–150 വാക്കിൽ ഉത്തരമെഴുതുക?

(4 മാർക്ക്)

(1) വേദനാജനകമായ അനുഭവങ്ങൾ പല മഹാന്മാരുടെയും ജീവിതവീക്ഷണത്തെ കരുപ്പിടിപ്പിച്ചിട്ടുണ്ട്. വി.ടി.യുടെ ജീവിതാനുഭവങ്ങൾ പരിശോധിച്ച് വിലയിരുത്തുക.

(ആധാരം: പാഠം 16)

(2) ആശയവിപുലനം ചെയ്യുക?

"പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം" (ആധാരം: പാഠം 17)

(3) സ്ത്രീയുടെ ത്യാഗങ്ങളെയും ദുഃഖങ്ങളെയും കുറിച്ച് കവി നിരത്തുന്ന വസ്തുതകൾ ചുരുക്കി എഴുതുക? (ആധാരം: പാഠം 18)

(4) "ക്ഷേത്രങ്ങളോടനുബന്ധിച്ചാണ് കേരളത്തിലെ അഭിനയകലകൾ വളർന്നു വന്നിട്ടുള്ളത്." ഈ അഭിപ്രായം പരിശോധിക്കുക.?

(ആധാരം: പാഠം 21)

6. പ്രോജക്ട്

താഴെ കൊടുത്തിരിക്കുന്ന നാലു ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് 500 വാക്കിൽ കവിയാതെ ഉത്തരമെഴുതുക? (6 മാർക്ക്)

(1) നവസാമൂഹിക മാധ്യമങ്ങളുടെ അമിതോപയോഗം കുടുംബബന്ധങ്ങളെ ദോഷകരമായി ബാധിക്കുന്നുണ്ടോ? പരിശോധിക്കുക?

(2) നാരായണഗുരുവിന്റെ സന്ദേശങ്ങളുടെ ആനുകാലികപ്രസക്തി-പാഠഭാഗത്തെ അടിസ്ഥാനമാക്കി ഉപന്യസിക്കുക?

3) ഭാഷ, ദേശം, ആചാരങ്ങൾ, വിശ്വാസങ്ങൾ, ഭക്ഷണരീതി തുടങ്ങിയവയിലുള്ള വ്യത്യാസങ്ങൾ ഭാരതത്തിന്റെ ദേശിയതയേയും ഐക്യത്തേയും പ്രതികൂലമായി ബാധിക്കുന്നുണ്ടോ? ചർച്ച ചെയ്യുക.

(4) മാലിന്യസംസ്ക്കരണം നഗരജീവിതത്തെ മാത്രമല്ല ഗ്രാമജീവിതത്തെയും സാരമായി ബാധിക്കുന്ന ഒരു സാമൂഹ്യപ്രശ്നമായി മാറിയിരിക്കുന്നു. മാലിന്യ സംസ്ക്കരണത്തിന്റെ ആവശ്യകതയെക്കുറിച്ചും ശാസ്ത്രീയമായ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും സൂചിപ്പിച്ചുകൊണ്ട് ജില്ലാകളക്ടർക്ക് കത്ത് തയ്യാറാക്കുക.

**********